Draft #37 of File 29182/P&D 3/2/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 24-Mar-2021 06:02 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കിഫ്ബി ധനസഹായത്തോടെ സർവകലാശാലയിൽ നിർമ്മിക്കുന്ന ലബോറട്ടറി സമുച്ചയത്തിന്റെ നിർമാണപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന സമിതി 08.03.2021 ന് കൂടി സമർപ്പിച്ച ശുപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**എസ് സി / എസ് ടി സെൽ**

നമ്പർ. 1754/SC/ST Cell/2021/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 25.03.2021

---

*പരാമർശം:*-08.03.2021 ന് വൈസ് ചാൻസലറുടെ ചേംബറിൽ ചേർന്ന സമിതി യോഗത്തിന്റെ അംഗീകരിച്ച നടപടി ക്രമങ്ങൾ

**ഉത്തരവ്**

കിഫ്ബി ധനസഹായത്തോടെ സർവകലാശാലയിൽ നിർമ്മിക്കുന്ന ലബോറട്ടറി സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ മേൽനോട്ട സമിതി 08.03.2021, 3 pm ന് പ്രോ - വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന ശുപാർശകൾ കൈക്കൊണ്ടു.

1. പുതിയ പരീക്ഷ ഭവനിലേക്ക് മാറിയ BA/B.Sc സെക്ഷനുകൾ പ്രവർത്തിച്ചിരുന്ന ഹാളിൽ അവശേഷിക്കുന്ന പഴയ മാർക്ക് ലിസ്റ്റുകൾ, ബുക്കുകൾ,രജിസ്റ്ററുകൾ,അപേക്ഷകൾ മറ്റ് രേഖകൾ എന്നിവ ബന്ധപ്പെട്ട JR/DR എന്നിവരുടെ നേതൃത്വത്തിൽ BA, B.Sc സെക്ഷനുകളുടെ അസിസ്റ്റന്റ് രജിസ്ട്രാർമാർ പരിശോധിച്ച് ആവശ്യമായ രേഖകൾ ഉണ്ടെങ്കിൽ എടുത്തു സൂക്ഷിക്കുന്നതിനും, ഉപയോഗശൂന്യമായവ നീക്കം ചെയ്യുന്നതിന് Ad B III സെക്ഷനെ ചുമതലപ്പെടുത്താനും യോഗം ശുപാർശ ചെയ്തു.
2. സെമി പെർമനന്റ് ബ്ലോക്കിൽ പ്രവർത്തിക്കുന്ന EN III, EK I & EK III എന്നീ സെക്ഷനുകൾ, റൂം നമ്പർ- 29 ൽ പ്രവർത്തിക്കുന്ന എക്സാം ഡസ്പാച്ച്, ED I (ഡിജിറ്റൈസേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് അതുമായി ബന്ധപ്പെട്ട റെക്കോർഡ്സ്/പഴയ രജിസ്റ്ററുകൾ ഉൾപ്പടെ) സെക്ഷനുകൾ പുതിയ പരീക്ഷ ഭവനിലേക്ക് അടിയന്തിരമായി മാറ്റുന്നതിന് യോഗം ശുപാർശ ചെയ്തു.
3. EK I & EK III എന്നീ സെക്ഷനുകൾക്കു രജിസ്റ്ററുകൾ സൂക്ഷിക്കാൻ ആവശ്യമായ അധിക റാക്കുകൾ Ad B III സെക്ഷൻ ലഭ്യമാക്കേണ്ടതാണെന്ന് യോഗം ശുപാർശ ചെയ്തു.
4. BA/B.Sc സെക്ഷനുകളിലെ പഴയ പേപ്പറുകൾ മാറ്റിയ ശേഷം, B.Sc Hall (72) ലേക്ക് JD KSA (ഗവൺമെന്റ് ഓഡിറ്റ്) - യുടെ കാര്യാലയം മാറ്റി സ്ഥാപിക്കുന്നതിന് യോഗം ശുപാർശ ചെയ്തു.
5. പഴയ BA സെക്ഷനിലെ പ്രധാന ഹാൾ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ (MGUEU) ന്റെ ഓഫീസിനായി അനുവദിക്കാവുന്നതാണെന്നും BA Hall Annexure വേർതിരിക്കുന്ന ഭാഗം മാത്രം മതിൽ കെട്ടി അടച്ച് പുറത്തു നിന്നും പ്രവേശിക്കാവുന്ന രീതിയിൽ വാതിൽ സ്ഥാപിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാധനങ്ങൾ സൂക്ഷിക്കുവാൻ ഉപയോഗിക്കാവുന്നതാണെന്നും യോഗം ശുപാർശ ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

6. Electrical Inspector പരിശോധനയിൽ അംഗീകാരം നേടുന്നതിനായി സബ്സ്റ്റേഷൻ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ക്യാമ്പസ് ഗാർഡുമാരുടെ ഓഫീസ് 17,18 എന്നീ മുറികളിലേക്ക് മാറ്റാവുന്നതാണെന്ന് യോഗം ശുപാർശ ചെയ്തു.

7. Room No. 49- ൽ പ്രവർത്തിച്ചു വരുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ (തപാൽ & ഡസ്പാച്ച് സെക്ഷനുകൾ) SDE ഓഫീസിൽ ഒഴിവുള്ള സ്ഥലത്തേക്ക് മാറ്റാവുന്നതാണെന്ന് യോഗം ശുപാർശ ചെയ്തു.

8. N.S.S സെക്ഷൻ പ്രവർത്തിക്കുന്ന മുറികൾക്കുള്ള വാതിൽ പ്രധാന റോഡിൽ നിന്നും പ്രവേശിക്കാവുന്ന വിധത്തിൽ ക്രമീകരിച്ചു പൊടിശല്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് യോഗം ശുപാർശ ചെയ്തു.

9. സെമി പെർമനന്റ് ബ്ലോക്കിലുള്ള പരീക്ഷാ പേപ്പറുകൾ മാറ്റുന്നത് സംബന്ധിച്ച് ചർച്ച ചെയ്തു ശുപാർശകൾ സമർപ്പിക്കുന്നതിന് രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, എസ്റ്റേറ്റ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം കൂടുന്നതിന് സമിതി ശുപാർശ ചെയ്തു.

10. സെമി പെർമനന്റ് ബ്ലോക്കിനോടനുബന്ധിച്ച് സ്ഥിതി ചെയ്യുന്ന Shuttle court-ന്റെ മേൽക്കൂര പൊളിച്ചു മാറ്റി സിൽവർ ജൂബിലി പരീക്ഷാ ഭവന്റെ പുറകിൽ സ്ഥാപിക്കുന്നതിനും പൊളിച്ചു മാറ്റുന്ന കട്ടിള, ജന്നൽ, കതക് മുതലായ സാധനങ്ങൾ അവിടെ സൂക്ഷിക്കുന്നതിനും യോഗം ശുപാർശ ചെയ്തു.

11. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിടത്തിൽ നടത്തിയ അറ്റകുറ്റ പ്രവർത്തികളെ സംബന്ധിച്ചുള്ള വിശദമായ മുഴുവൻ കണക്കുകളും വിവരങ്ങളും digitize ചെയ്ത് സൂക്ഷിക്കുന്നതിനും കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുന്ന video clipping എടുത്തു സൂക്ഷിക്കുന്നതിനും സർവകലാശാല എൻജിനീയറെ ചുമതലപ്പെടുത്തുന്നതിനു യോഗം ശുപാർശ ചെയ്തു.

മേൽ ശുപാർശകൾ വൈസ് ചാൻസലർ 23.03.2021 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
3. ജോയിന്റ് രജിസ്ട്രാർ III (ഭ : വി:)
4. സർവ്വകലാശാല എഞ്ചിനീയർ

Draft #37 of File 29182/P&D 3/2/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 24-Mar-2021 06:02 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

5. ഡെപ്യൂട്ടി രജിസ്ട്രാർ (Estate)
5. ഫിനാൻസ് I / ഓഡിറ്റ് I / ഓഡിറ്റ് V/ IQAC
6. Ad B III / എ ഡി ഡി സെക്ഷൻ
7. ജോയിന്റ് ഡയറക്ടർ , കെ സ് എ ഡി / അക്കൗണ്ട്സ് V
8. റെക്കോർഡ്സ് സെക്ഷൻ
9. സി.എം.എസ്
10. എസ്. എഫ് / എഫ് .സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #37 of File 29182/P&D 3/2/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 24-Mar-2021 06:02 PM - Page 3